**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 952** **12-06-2024 - ൽ മറുപടിയ്ക്ക്**

**സുഗന്ധഗിരിയിലെ മരങ്ങൾ മുറിച്ചു മാറ്റിയതിലെ അന്വേഷണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. എം. കെ. മുനീർ | | ശ്രീ. എ. കെ. ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | വയനാട് സുഗന്ധഗിരിയിൽ അനധികൃതമായി മരങ്ങൾ മുറിച്ച് മാറ്റിയ സംഭവത്തിൽ അന്വേഷണം നടത്തിയിട്ടുണ്ടോ; | (എ) | ഉണ്ട്. വനം വിജിലൻസ് വിഭാഗം പ്രത്യേക അന്വേഷണ സംഘം രൂപീകരിച്ച് അന്വേഷണം നടത്തി സർക്കാരിൽ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത കുറ്റകൃത്യവുമായി ബന്ധപ്പെട്ട് രജിസ്റ്റർ ചെയ്ത കേസുകൾ കല്പറ്റ ഫോറസ്റ്റ് റെയിഞ്ചിൽ നടപടികൾ സ്വീകരിച്ചു വരുന്നു. മരംമുറി സംബന്ധിച്ച വിഷയത്തിലെ ഗൂഢാലോചന അടക്കമുള്ള കാര്യങ്ങൾ വെളിച്ചത്തു കൊണ്ടുവരാനായി അന്വേഷിക്കുന്നതിനായി വിജിലൻസ് വകുപ്പിന് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ബി) | എങ്കിൽ കുറ്റക്കാർക്കെതിരെ എന്തു നടപടി സ്വീകരിച്ചു; വിശദമാക്കുമോ? | (ബി) | സുഗന്ധഗിരി കാർഡമം പ്രോജക്ടിനായി റവന്യൂ വകുപ്പിന് കൈമാറിയതും റവന്യൂ വകുപ്പ് ഭൂരഹിതരായ ആദിവാസികൾക്ക് കൈവശാവകാശം നൽകിയതുമായ സുഗന്ധഗിരി നിക്ഷിപ്ത വന ഭൂമിയിൽ ആദിവാസി കോളനിയിലെ വീടുകൾക്ക് ഭീഷണിയായി നിന്ന ഇരുപതു മരങ്ങൾ മുറിക്കാൻ നൽകിയ പെർമിറ്റിന്റെ മറവിൽ വിവിധ ഇനത്തിൽപ്പെട്ട 107 മരങ്ങൾ അനധികൃതമായി മുറിച്ച് നീക്കം ചെയ്ത കുറ്റത്തിന് കൽപ്പറ്റ റെയിഞ്ചിൽ ഒ.ആർ. 01/2024, 02/2024, 05/2024 എന്നീ നമ്പറുകളിലായി കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തി നിലവിൽ 15 പ്രതികളെ അറസ്റ്റ് ചെയ്ത് കൽപ്പറ്റ ചീഫ് ജുഡീഷ്യൽ മജിസ്ട്രേറ്റ് കോടതി മുമ്പാകെ ഹാജരാക്കി റിമാന്റ് ചെയ്യുകയും തുടർന്ന് ജാമ്യത്തിൽ വിട്ടയച്ചിട്ടുമുണ്ട്. ടി കേസുകളിൽ ഉൾപ്പെട്ട തൊണ്ടി മുതലുകൾ കടത്താൻ ഉപയോഗിച്ച 6 വാഹനങ്ങൾ പിടിച്ചെടുത്ത് കേരള വന നിയമം 61 (എ) പ്രകാരം തുടർ നടപടികൾ സ്വീകരിച്ച് വരുന്നു.<br><br>സുഗന്ധഗിരി പ്രദേശത്ത് നടന്ന അനധികൃത മരം മുറിയുമായി ബന്ധപ്പെട്ട് ആയത് തടയുന്നതിനും, യഥാസമയം കണ്ടെത്തുന്നതിനും സംരക്ഷണ പ്രവർത്തനങ്ങളിൽ ജാഗ്രത പാലിക്കാതിരിക്കുകയും |

| | | | |
|---|---|---|---|
| | | | ചെയ്ത കുറ്റത്തിന് ഒരു റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ, ഒരു സെക്ഷൻ ഫോറസ്റ്റ് ഓഫീസർ, രണ്ട് ബീറ്റ് ഫോറസ്റ്റ് ഓഫീസർമാർ, രണ്ട് ഫോറസ്റ്റ് വാച്ചർമാർ എന്നീ വിഭാഗം ജീവനക്കാരെ അന്വേഷണ വിധേയമായി സേവനത്തിൽ നിന്നും സസ്പെന്റ് ചെയ്തിട്ടുണ്ട്. ആവശ്യമായ ഫീൽഡ് പരിശോധന നടത്താത്തതും കൃത്യനിർവ്വഹണത്തിലുള്ള ജാഗ്രതക്കുറവും മുൻനിർത്തി സൗത്ത് വയനാട് ഡി.എഫ്.ഒ-യെയും കൽപ്പറ്റ ഫ്ളയിംഗ് സ്ക്വാഡ് റെയിഞ്ചിലെ റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ, സെക്ഷൻ ഫോറസ്റ്റ് ഓഫീസർ (ഡെപ്യൂട്ടി റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ ഗ്രേഡ്) എന്നിവരെയും സ്ഥലം മാറ്റിയിട്ടുള്ളതുമാണ്. കുറ്റാരോപിതയായ റെയിഞ്ച് ഫോറസ്റ്റ് ഓഫീസർക്ക് 1960 ലെ കേരള സിവിൽ സർവ്വീസ് (തരം തിരിക്കലും, നിയന്ത്രണവും, അപ്പീലും) ചട്ടങ്ങൾ പ്രകാരം കഠിന ശിക്ഷയ്ക്കുള്ള കുറ്റപത്രം നൽകി അച്ചടക്ക നടപടി സ്വീകരിച്ചു വരുന്നു. മുൻ സൗത്ത് വയനാട് ഡി.എഫ്.ഒയിൽനിന്നും വിശദീകരണം ആവശ്യപ്പെട്ട് മെമ്മോ നൽകി തുടർനടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ